LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കറവങ്ങാട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 18-2-2014-ലെ ഡയറക്ടറുടെ നടപടി ഉത്തരവു പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

(ബി) 155 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 18-2-2014-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് തുക അനുവദിച്ച് നൽകിയിരുന്നുവെങ്കിലും 2012-ലെ എസ്.ഒ.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക ആയതിനാലും DSR 2013-ൽ നിലവിൽ വരികയും ചെയ്തതിനാലും 2013-എസ്.ഒ.ആർ പ്രകാരം 1,65,25,000 രൂപയായി വർദ്ധിച്ചതായി അറിയിച്ചും കൂടുതലായി 10.25 ലക്ഷം തുക കൂടി ആവശ്യപ്പെട്ടുള്ളതിനാലും 2014 എസ്.ഒ.ആർ. പ്രകാരം 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിനാലും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) DSR 2013 അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനമില്ലാതെ തുക ആവശ്യപ്പെട്ട് അപേക്ഷിച്ചതിനാലും 1-4-2014 മുതൽ പ്രാബല്യമുള്ള 2014-ലെ ഏറ്റവും പുതിയ SOR നിലവിൽ വന്നിരുന്നതിനാലും പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർവ്വാഹമില്ലാതെ വരുകയും ചെയ്തു. തുടർന്ന് 2014 CPWD റേറ്റ് പ്രകാരം കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 193 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് സഹിതമുള്ള 18-12-2014-ലെ CC/GM/EKM/312/010/2502 നമ്പർ ശിപാർശ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽനിന്നും ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യം അനുവദിച്ച 155 ലക്ഷം രൂപയുടെ എ.എസ്-ന് പുറമേ അധികമായി വേണ്ടിവരുന്ന 38 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതി

293 (991) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക സമുദായ കോർപ്പസ്ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്

(ബി) ഇതിന്റെ എത്ര ശതമാനം തുകയ്ക്കാണ് ജില്ലയിൽത്തന്നെ ഭരണാനുമതി നൽകാൻ കഴിയുകയെന്ന് അറിയിക്കാമോ ;

(സി) എത്ര രൂപയുടെ എത്ര പദ്ധതികൾക്കാണ് ജില്ലയിൽ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ളത് ; ഇനിയും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ടെന്ന് അറിയിക്കാമോ ; ഇതിനുള്ള ഫണ്ട് ജില്ലാതലത്തിൽ ലഭ്യമാണോ ;

(ഡി) ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേക്ക് അയച്ചിട്ടുണ്ടോ ; ഏതൊക്കെ പദ്ധതികളാണ് ഇങ്ങനെ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും 2,96,87,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) കോർപ്പസ് ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ സമിതികൾക്ക് 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകാൻ കഴിയുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള തുക ജനസംഖ്യാനുപാതികമായിട്ടാണ് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള (2,96,87,000 രൂപയ്ക്കുള്ള), 30 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അടൂർ മുൻസിപ്പാലിറ്റിയിലെ 21,48,200 രൂപയ്ക്കുള്ള 16 കടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ട്. ഇതിനുള്ള ഫണ്ട് ജില്ലയ്ക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിക്കൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേയ്ക്ക് അയച്ചിട്ടില്ല

കൊട്ടാരക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ

294 (992) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊട്ടാരക്കര, വെട്ടിക്കവല വികസന ബ്ലോക്കുകളിലായി ആകെ എത്ര പട്ടികജാതി കോളനികളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly